(ബി) കമ്പ്യൂട്ടർവൽക്കരിച്ച സർക്കാർ ഓഫീസുകളിലെ കമ്പ്യൂട്ടർ തകരാറുകൾ അടിയന്തരമായി പരിഹരിക്കുവാനും മെമ്മറി കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനും സോഫ്റ്റ്വെയറുകൾ കലാകാലങ്ങളിൽ അപ്ഡേറ്റ് ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് നിലവിലുള്ളതെന്നു പറയാമോ ; ഈ നടപടികൾ തികച്ചും പര്യാപ്തമാണോ എന്നു പരിശോധിക്കാറുണ്ടോ ; ഈ സംവിധാനം കുറ്റമറ്റതാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് പറയാമോ ?

<u>ഉത്തരം</u>

(എ) സർക്കാർ ഓഫീസുകൾ ആധുനികവത്കരിക്കുന്നതിന് വേണ്ടി ഈ സർക്കാരിന്റെ കാലഘട്ടത്തിൽ അതത് വകുപ്പുകളിൽ രൂപം കൊടുത്ത സാങ്കേതിക വിദഗ്ധർ ഉൾപ്പെടെ ഉള്ളവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും അവരുടെ നിർദ്ദേശാനുസരണം കമ്പ്യൂട്ടർവത്കരണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യുന്നുണ്ട്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ വകുപ്പുകളെയും ഒരു പൊതു നെറ്റ്വർക്കിന് കീഴിൽ കൊണ്ടുവരികയും എല്ലാ വകുപ്പുകളെയും സംബന്ധിച്ചുള്ള വിവരങ്ങൾ സംസ്ഥാന ഡാറ്റാ സെന്ററിൽ എത്തിച്ചുകൊണ്ട് കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കിവരുന്നു. സർക്കാർ ഫയലുകളെ ഡിജിറ്റൈസ് ചെയ്യാൻ ഇ-ഓഫീസ് എന്ന പേരിൽ ഒരു പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഇത് സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിലും വിവരസാങ്കേതിക വിദ്യാ വകുപ്പിലും ആദ്യ ഘട്ടമായി നടപ്പിലാക്കി കഴിഞ്ഞു. ക്രമേണ ഇത് മറ്റ് സർക്കാർ ഓഫീസുകളിലേക്കും വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുപുറമേ ദർഘാസുകൾ സുതാര്യമാക്കുന്നതിന് ഇ-ടെണ്ടർ, റവന്യൂ സർട്ടിഫിക്കറ്റുകൾക്കും ഫീ പേയ്മെന്റുകൾക്കും വേണ്ടി ഇ-ഡിസിട്രിക്ട് എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കമ്പ്യൂട്ടർവത്കരിച്ച വകുപ്പുകളിലെ ഡാറ്റാ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്ന സെർവറുകളിലെ മെമ്മറി കപ്പാസിറ്റി അതത് കാലഘട്ടങ്ങളിൽ ഉചിതമായത് ഏതെന്ന് കണ്ടെത്തി അതാത് വകുപ്പുകളെ അറിയിക്കുകയും ആയത് വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള അനന്തര നടപടികൾ ഉടനടി കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഇതിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്വെയറുകൾ പുതിയ സാങ്കേതിക വശങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് കാലാകാലങ്ങളിൽ അപ്ഡേറ്റ് ചെയ്യുവാൻ വകുപ്പുകൾ ശ്രമിക്കുന്നുണ്ട്. ഈ നടപടികൾ പര്യാപ്തമാണോ എന്ന് ഇടയ്ക്കിടയ്ക്ക് വിശകലനം ചെയ്ത് പോരായ്മകൾ പരിഹരിക്കാറുണ്ട്.

ഉപയോഗശൂന്യമായ കമ്പ്യൂട്ടർ

186 (8022) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചിട്ട് എത്ര വർഷമായി എന്നു പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാലഘട്ടത്തിനുള്ളിൽ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള ഓഫീസുകളിലെ കാലഹരണപ്പെട്ടതും കേടായവയുമായ കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും എന്തു ചെയ്തു എന്നു പറയാമോ ;

(സി) ഒട്ടേറെ ഓഫീസുകൾ ഉപയോഗശൂന്യമായ കമ്പ്യൂട്ടർ ഭാഗങ്ങൾ കൊണ്ട് പൊറുതിമുട്ടിയ അവസ്ഥയിലാണെന്നും അവ സംസ്കരിക്കാനോ ലേലം ചെയ്യാനോ പറ്റാതെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുകയാണെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ ; ഈ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരമുണ്ടാക്കുമോ ?

<u>ഉത്തരം</u>

(എ) 1990-കളിലാണ് കേരളത്തിലെ സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർവത്കരണം ആരംഭിച്ചത്.

(ബി) കേടായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ബൈ ബാക്ക് (buy back) സംവിധാനത്തിൽ മാറ്റി പുതിയവ വാങ്ങി വരികയാണ്.

(സി) ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകളുടെ അംഗീകൃത കളക്ഷൻ സെന്റർ-ഡിസ്മാന്റ്ലർ/റീസൈക്ലർ എന്നിവർക്ക് കൈമാറുകയോ ഉത്പാദകരുടെ ടേക്ക് ബാക്ക് (take back) സംവിധാനത്തിലേക്ക് നൽകുകയോ ചെയ്യണമെന്ന് ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് ഇ-മാലിന്യം സംസ്കരിക്കുന്നതിനായി നിലവിൽ സംവിധാനങ്ങൾ ഇല്ല. ഇ-മാലിന്യം ശേഖരിച്ച് അന്യ സംസ്ഥാനത്തുള്ള അംഗീകൃത റീസൈക്ലർ/ഡിസ്മാന്റ്ലർക്ക് നൽകുന്നതിന് ഇ-മാലിന്യ ശേഖരണ സെന്ററുകൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. വേണാട് സ്റ്റീൽ കോർപ്പറേഷൻ (വെള്ളായണി, നേമം, തിരുവനന്തപുരം), എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് (കഞ്ചിക്കോട്, പാലക്കാട്), അൽ അമീൻ ഇൻഡസ്ട്രീസ് (ആലുവ, എറണാകുളം), കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (അമ്പലമേട്, കൊച്ചി) എന്നീ നാല് സ്ഥാപനങ്ങൾക്കാണ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി ഉള്ളത്. ഇ-മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക, പത്രമാധ്യമങ്ങൾ വഴി പരസ്യം നൽകുക എന്നിവയും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly